**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3605** **08-10-2025 - ൽ മറുപടിയ്ക്ക്**

**റീസർവേയിലെ അപാകതകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റീസർവേ നടപടികൾ പൂർത്തീകരിക്കപ്പെട്ട വില്ലേജുകളിൽ റെക്കോർഡുകളുടെ അപാകതകളും നടപടികളുടെ പോരായ്മകളും മൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പരമ്പരാഗത രീതിയിലുള്ള റീസർവ്വേ നടന്ന വില്ലേജുകളിൽ രേഖകൾ റവന്യൂ ഭരണത്തിന് കൈമാറാനുണ്ടായ കാലതാമസം നിരവധി അപാകതയും പോരായ്മകളും ഉണ്ടാക്കുന്നതിന് കാരണമായിട്ടുണ്ട് |
| (ബി) | ഇത് പരിഹരിക്കുന്നതിന് ജനങ്ങൾ റീസർവേ അദാലത്തുകളിൽ നൽകുന്ന അപേക്ഷകൾ വർഷങ്ങളായി കെട്ടിക്കിടക്കുകയും സർവേയർമാർ നടപടിക്രമങ്ങൾ പാലിക്കാതെ ഇവ പരിശോധിക്കുന്നതായും ഇത് പരിഹരിക്കുന്നതിന് കാലതാമസം വരുന്നതായും മുൻഗണനാക്രമം പാലിക്കാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | അപേക്ഷകളുടെ ആധിക്യം മൂലം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം നേരിടുന്ന എൽ.ആർ.എം ഫയലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ ബന്ധപ്പെട്ട ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിനനുസരിച്ച് സർവെയും ഭൂരേഖയും വകുപ്പിൽ നിന്നും നിയോഗിച്ച് വരുന്നു.<br><br>ഡിജിറ്റൽ സർവെ ആരംഭിച്ചിട്ടുള്ള വില്ലേജുകളിൽ, നിലവിലുള്ള LRM പരാതികൾ, ഡിജിറ്റൽ സർവെയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | അപേക്ഷകൾ മുൻഗണന പ്രകാരമല്ലാതെയും പ്രത്യേക താല്പര്യത്തോടെയും കൈകാര്യം ചെയ്തതിന്റെ ഫലമായി ഏതെങ്കിലും സർവേയർമാർക്കെതിരെയോ തഹസിൽദാർമാർക്കെതിരെയോ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാകുമോ; | (സി) | അപേക്ഷകൾ മുൻഗണന പ്രകാരമല്ലാതെയും താല്പര്യത്തോടെയും കൈകാര്യം ചെയ്തതായി കണ്ടെത്തിയ ചില സർവ്വെയർമാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്. എന്നാൽ എല്ലാ സർവ്വെയർമാരെയും ഈ ഗണത്തിൽപ്പെടുത്താൻ ആകില്ല. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട് |
| (ഡി) | ഈ വിഷയത്തിൽ സർവേയർമാർക്കും റവന്യൂ ഉദ്യോഗസ്ഥർക്കും എതിരെ പരാതികൾ ഓൺലൈനായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സർവെ ഉദ്യോഗസ്ഥർക്കെതിരെയും റവന്യൂ ഉദ്യോഗസ്ഥർക്കെതിരെയും പരാതികൾ ഓൺലൈനായി നൽകാനുള്ള സാഹചര്യം നിലവിലുണ്ട്. റവന്യൂ ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ പരാതി എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് നൽകേണ്ടത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

പത്തനംതിട്ട ജില്ലാ സർവെ സൂപ്രണ്ട് ആഫീസിൽ സർവെ അദാലത്ത് ഫയൽ കൈകാര്യം ചെയ്തതിലെ കാലതാമസവും വ്യാപകമായ അഴിമതിയും ആരോപിച്ച് രാഷ്ട്രീയ പാർട്ടികളുടെ വൻ പ്രക്ഷോഭത്തെത്തുടർന്ന് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ജോയിന്റ് ഡയറക്ടറുടെ പ്രാഥമിക റിപ്പോർട്ട് ഇവ കണക്കിലെടുത്ത് സർക്കാർ 19/03/2008 തീയതിയിൽ സർവെയർമാരായ ശ്രീമതി. ഷീബ പി നായർ, ശ്രീ. റെജി തോമസ് ഉൾപ്പെടെ അഞ്ച് പേരെ സസ്പെൻഡ് ചെയ്തിരുന്നു. ടി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി KCS പ്രകാരം പൂർത്തീകരിക്കുകയും, ശ്രീമതി. ഷീബ.പി.നായർ, ശ്രീ. റെജി തോമസ് എന്നീ സർവെയർമാരുടെ 2 ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞ് തീർപ്പാക്കിയിട്ടുള്ളതാണ്.

വയനാട് ജില്ല സുൽത്താൻ ബത്തേരി താലൂക്ക് കപ്പാടി വില്ലേജ് ബ്ലോക്ക് 17 ൽ സർവെ നമ്പർ 334/51 ൽ ഉൾപ്പെടെ 11 ഏക്കർ ഭൂമിക്ക് നികുതി സ്വീകരിച്ചതിൽ അപാകതകൾ സംബന്ധിച്ചും ഭൂമി ഇനം മാറ്റിയത് സംബന്ധിച്ചും റവന്യൂ വിജിലൻസ്, റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ റിപ്പോർട്ട്, അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് എന്നിവ കണക്കിലെടുത്തു സ്ഥലം സർവെയർ ആയ ശ്രീ. ജോഷി തോമസ് എന്നവർക്കെതിരെ അച്ചടക്ക നടപടിയുടെ ഭാഗമായി 2 ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളതുമാണ്.

കോഴിക്കോട് ടൗൺ സൗത്ത് സർവെ ആഫീസിൽ സർവെയർ ആയ ശ്രീ. ജിതേഷ്, ചെയിൻമാൻ ശ്രീ. അനിത്കുമാർ എന്നിവർ സർവെ എന്ന പേരിൽ വൻ അഴിമതിയാണ് നടത്തുന്നതെന്നും കോഴിക്കോട് താലൂക്ക് ആഫീസിൽ നിന്നും അയയ്ക്കുന്ന അപേക്ഷകൾ യാതൊരു നടപടിയും സ്വീകരിക്കാതെ താമസിപ്പിക്കുന്നതായും സ്വീധീനമുള്ളവർക്കും പണം നൽകുന്നവർക്കും സർവെ നടപടികൾക്കായി പെട്ടെന്ന് നോട്ടീസ് നൽകുന്നുവെന്നും ഇടനിലക്കാർ മുഖേന അഴിമതി നടത്തുന്നുവെന്നും ഉള്ള പരാതയിന്മേൽ കോഴിക്കോട് കോർപറേഷൻ ആഫീസിലെ സർവെ വിഭാഗം ആഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 12.01.2024 ന് നടത്തിയ മിന്നൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ടി ജീവനക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച ശുപാർശയിന്മേൽ ടി ജീവനക്കാർക്ക് കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.